**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2554** **15-10-2024 - ൽ മറുപടിയ്ക്ക്**

**ജൂനിയർ ഇൻസ്പെക്ടർ, ഓഡിറ്റർ തസ്തിക, മറ്റ് ഉയർന്ന തസ്തികകളിലെ ഒഴിവുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. നജീബ് കാന്തപുരം</td><td colspan="2">ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സഹകരണ വകുപ്പിന്റെ കീഴിൽ ജൂനിയർ ഇൻസ്പെക്ടർ, ഓഡിറ്റർ തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;</td><td>(എ)</td><td>സഹകരണ വകുപ്പിൽ ജൂനിയർ സഹകരണ ഇൻസ്പെക്ടർ /ഓഡിറ്റർ തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>തസ്തിക</th><th>ഒഴിവ</th></tr>
<tr><td>ജൂനിയർ സഹകരണ ഇൻസ്പെക്ടർ/ ഓഡിറ്റർ</td><td>21</td></tr>
<tr><td>സീനിയർ സഹകരണ ഇൻസ്പെക്ടർ/ ഓഡിറ്റർ</td><td>18</td></tr>
<tr><td>സ്പെഷ്യൽ ഗ്രേഡ് സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ</td><td>15</td></tr>
<tr><td>സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ</td><td>3</td></tr>
<tr><td>സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ</td><td>0</td></tr>
<tr><td>സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ</td><td>0</td></tr>
<tr><td>സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ</td><td>1</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഒഴിവുകൾ ഉണ്ടെങ്കിൽ നിലവിലെ റാങ്ക് ലിസിറ്റിൽ നിന്ന് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;</td><td>(ബി)</td><td>ജൂനിയർ കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ടി തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | സഹകരണ വകുപ്പിൽ ആറു മാസത്തിൽ അധികരിച്ച പ്രസവാവധി ഒഴികെയുള്ള അവധിയിൽ പ്രവേശിച്ച എത്ര പേരുണ്ടെന്ന് വിശദമാക്കുമോ; | (സി) | സഹകരണ വകുപ്പിൽ ആറു മാസങ്ങളിൽ അധികരിച്ച പ്രസവാവധി ഒഴികെ 4 ഇൻസ്പെക്ടർമാർ/ഓഡിറ്റർമാർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട് . |
| (ഡി) | ആറു മാസത്തിൽ അധികരിച്ച് ഡെപ്യൂട്ടേഷനിൽ പോയവർ എത്ര പേർ ഉണ്ടെന്ന് വിശദമാക്കുമോ; | (ഡി) | സഹകരണ വകുപ്പിൽ നിന്നും 6 മാസങ്ങളിൽ അധികരിച്ച് മറ്റ് ഡിപ്പാർട്ട്മെന്റുകളിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോയവർ ആരും തന്നെ ഇല്ല . |
| (ഇ) | മേൽപ്പറഞ്ഞവയിൽ എത്ര ഒഴിവുകളുണ്ടെന്ന് പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ഇ) | ജൂനിയർ സഹകരണ ഇൻസ്പെക്ടർ / ഓഡിറ്റർ തസ്തികയിലെ 19 ഒഴിവുകൾ 19.09.2024 ൽ പി.എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (എഫ്) | ടീം ഓഡിറ്റുമായി ബന്ധപ്പെട്ട എത്ര ഒഴിവുകളാണ് നിലവിൽ ടീമുകളിൽ ഉള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (എഫ്) | നിലവിലുള്ള ജീവനക്കാരെ പുനർ വിന്യസിച്ചു കൊണ്ടാണ് ഇപ്പോൾ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ